**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1815** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ. എസ്.ആർ.ടി. സി.യിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ. എസ്.ആർ.ടി. സി. പുനരുദ്ധാരണപാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിയ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായും സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി.യിലെ ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ സംവിധാനത്തിനെതിരെ ജീവനക്കാരുടെ സംഘടനകൾ കോടതിയെ സമീപിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിലുള്ള കോടതി നിർദ്ദേശം എന്തായിരുന്നു; | (ബി) | ഉണ്ട്. ബഹു. ഹൈക്കോടതി നിർദേശം താഴെ പറയുന്നു. 1. ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർ സന്നദ്ധരല്ലായെങ്കിൽ പ്രസ്തുത ജീവനക്കാരെ ഡ്രൈവർ-കം-കണ്ടക്ടർ ആയി നിയോഗിക്കാൻ പാട്ടുള്ളതല്ല. 2. നിശ്ചിത യോഗ്യത ഇല്ലാത്ത ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരെ ഡ്രൈവർ-കം-കണ്ടക്ടർ ആയി നിയോഗിക്കാൻ പാടില്ല. 3. ബഹു.ഹൈക്കോടതിയുടെ Writ Appeal No 1798/2000-ലേയും അനുബന്ധ കേസുകളിലേയും വിധിയുടെ അടിസ്ഥാനത്തിൽ എട്ട് മണിക്കൂറിലധികം സമയം ജോലിക്ക് നിയോഗിക്കാൻ പാട്ടുള്ളതല്ല. |
| (സി) | കെ. എസ്.ആർ.ടി. സി.യുടെ ദീർഘദൂരസർവ്വീസുകളിൽ ഈ സംവിധാനവും ക്രൂചെയിഞ്ച് സംവിധാനവും വീണ്ടും കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വർദ്ധിച്ച് വരുന്ന വാഹന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കാര്യക്ഷമമായ സർവ്വീസ് നടത്തിപ്പും ലക്ഷ്യമിട്ട് 01.12.2020 മുതൽ ദീർഘദൂര സർവ്വീസുകളിൽ കോടതി വിധികളുടെ നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ചുകൊണ്ട് ഡ്രൈവർ കം കണ്ടക്ടർ / ക്രൂചെയ്ഞ്ച് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ